# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ –5269 31.10.2016- ൽ മറുപടിയ്ക്ക്

## പ്രവാസികൾക്കായുള്ള സമഗ്ര പുനരധിവാസ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. റോഷി അഗസ്റ്റിൻ**<br>**ശ്രീ. മോൻസ് ജോസഫ്**<br>**ശ്രീ.സി. എഫ്. തോമസ്**<br>**ഡോ. എൻ. ജയരാജ്** | **ശ്രീ. പിണറായി വിജയൻ**<br>***(മുഖ്യമന്ത്രി)*** |
| എ) സംസ്ഥാനത്തേക്ക് മടങ്ങി വന്ന പ്രവാസികളുടെ പുനരധിവാസം മുൻനിറുത്തി നോർക്ക വകുപ്പ് മുഖാന്തിരം പുതുതായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; | എ) സംസ്ഥാനത്തേക്ക് മടങ്ങിവന്ന പ്രവാസികളുടെ പുനധിവാസം മുൻ നിർത്തി അവരെ പ്രത്യേക ഗുണഭോക്താക്കളായി പരിഗണിച്ച് സർക്കാർ നടപടിക്രമങ്ങൾ പാലിച്ച്, സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ കൈതാങ്ങൽ നല്കുന്ന "നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) " എന്ന പദ്ധതി നടപ്പാക്കി വരുന്നു. ചുരുങ്ങിയത് രണ്ടുവർഷം വിദേശത്ത് ജോലി ചെയ്തതിനു ശേഷം സ്ഥിരമായി നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികളെയും, അവർ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയേയും പദ്ധതിയുടെ ആനുകൂല്യത്തിന് പരിഗണിക്കുന്നതാണ്. പരമാവധി 20 ലക്ഷം രൂപ മൂലധന ചെലവ് വരുന്ന പദ്ധതികൾക്ക് 15% മൂലധന സബ്സിഡിയും ആദ്യ നാലു വർഷം 3% പലിശ സബ്സിഡിയും നല്കി ബാങ്ക് വായ്പ ലഭ്യമാക്കുന്നതാണ് ഈ പദ്ധതി. |

കൂടാതെ തിരികെയെത്തിയ പ്രവാസികൾക്കായി ഒരു സമഗ്ര പുനരധിവാസ പദ്ധതി ആവിഷ്കരിക്കുന്നതിനു വേണ്ട പഠനം നടത്തി റിപ്പോർട്ട് നല്കാൻ ഐക്യരാഷ്ട്ര സഭയുടെ കീഴിലുള്ള യു.എൻ.ഡി.പി.യുമായും സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസുമായും പ്രാഥമിക ചർച്ചകൾ നടത്തിയിട്ടുണ്ട്. ഇതിൽ തുടർനടപടികൾ സർക്കാർ സ്വീകരിക്കുന്ന താണ്.

| | | | |
|---|---|---|---|
| ബി) | മടങ്ങിവരുന്ന പ്രവാസികൾക്കായി വിഭാവനം ചെയ്ത സമഗ്ര പുനരധിവാസ പദ്ധതി വിജയകരമായി നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ ; ഫണ്ടിന്റെ അപര്യാപ്തത പ്രതിബന്ധമായി തീർന്നിട്ടുണ്ടോ; വിശദാംശങ്ങൾ നല്കുമോ; | ബി) | തിരികെയെത്തുന്ന പ്രവാസി മലയാളികൾക്ക് സുസ്ഥിര വരുമാന മാർഗ്ഗം കണ്ടെത്തുക എന്ന ഉദ്ദേശ്യത്തോടെ ഒരു സമഗ്ര പുനരധിവാസ പദ്ധതി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഇത് നടപ്പാക്കുന്നതിന് വിവിധ രാജ്യങ്ങളിലെ ഇന്ത്യൻ എംബസികൾ, വിദേശ മലയാള പ്രമുഖർ, പ്രവാസി മലയാളി സംഘടനകൾ, എന്നിവയുടെ സഹകരണവും കേന്ദ്ര സഹായവും അഭ്യർത്ഥിച്ചിട്ടുണ്ട്. നോർക്ക വകുപ്പ് നിലവിൽ നടപ്പാക്കിയിട്ടുള്ള പ്രവാസി പുനരധിവാസ പദ്ധതിയായ നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) മുഖേന സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുവാൻ സർക്കാർ മൂലധന സബ്സിഡിയും പലിശ സബ്സിഡിയും നല്കി ബാങ്ക് ലോൺ ലഭ്യമാക്കി വരുന്നു. |
| സി) | സൗദിയിലെ നിതാഖത്ത് നിയമം, ഗൾഫ് രാജ്യങ്ങളിലെ സ്വദേശിവത്കരണം തുടങ്ങിയവ മൂലം തൊഴിൽ നഷ്ടപ്പെട്ട പ്രവാസികളുടെ പുനധിവാസത്തിനും സുസ്ഥിര വരുമാനം ഉറപ്പുവരുത്തുന്നതിനും നോർക്ക വഴി നടപ്പാക്കുന്ന പദ്ധതികൾക്ക് ആവശ്യമായ ബജറ്റ് വിഹിതം നടപ്പ | സി) | വിദേശ രാജ്യങ്ങളിൽ നിന്നും ജോലി നഷ്ടപ്പെട്ട് മടങ്ങി വരുന്ന പ്രവാസികളുടെ പുനരധിവാസത്തിനായി നടപ്പാക്കിയിട്ടുള്ള NDPREM പദ്ധതിക്കായി നടപ്പ സാമ്പത്തിക വർഷം 12 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിനും കൂടുതൽ ഗുണഭോക്താക്കൾക്ക് സഹായം ലഭ്യമാക്കുന്നതിനും അധികമായി 12 കോടി രൂപ കൂടി പദ്ധതി വിഹിതം അനുവദിക്കാമെന്ന് ധനമന്ത്രി ബജറ്റ് |

| | |
|---|---|
| സാമ്പത്തിക വർഷം നീക്കിവച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | പ്രസംഗത്തിൽ പ്രസ്താവിച്ചിരുന്നു. പ്രസ്തുത തുക ഉപ ധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്താൻ ധനവകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**